ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 20.10.2024**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വാരാണസിയിൽ 6,100 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.
2. ആഗോള കായിക രംഗത്ത് ഇന്ത്യയെ ആദ്യ 10 സ്ഥാനങ്ങളിൽ എത്തിക്കുകയാണ് കേന്ദ്രസർക്കാർ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ, തിരുവനന്തപുരത്തെ നവീകരിച്ച ഗോൾഫ് കോഴ്സ് കേന്ദ്ര മന്ത്രി ഉദ്ഘാടനം ചെയ്തു.
3. മൂന്ന് പ്രധാന മുന്നണികളും സ്ഥാനാർഥികളെ പ്രഖ്യാപിച്ചതോടെ സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണ പരിപാടികൾ സജീവം.
4. സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത; തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു; ഉയർന്ന തിരമാലയ്ക്ക്

RNU TVPM

**സാധ്യതയുള്ളതിനാൽ തീരദേശ ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം.**

5. **ബാംഗ്ലൂരിൽ നടന്ന ഇന്ത്യ - ന്യൂസിലൻഡ് ടെസ്റ്റിന്റെ ആദ്യ മത്സരത്തിൽ ന്യൂസിലൻഡിന് എട്ടു വിക്കറ്റ് ജയം.**

**************************************************************************************************

## പ്രധാനമന്ത്രി - വാരാണസി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വാരാണസിയിൽ 6,100 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കും. ആർ ജെ ശങ്കര കണ്ണാശുപത്രി ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം ലാൽ ബഹാദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതിയ ടെർമിനൽ, റൺവെ വിപുലീകരണം ഉൾപ്പെടെ 2,870 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. ആഗ്ര വിമാനത്താവളത്തിൽ 570 കോടി രൂപ ചെലവിൽ നിർമിക്കുന്ന New Civil Enclave ന് പ്രധാനമന്ത്രി തറക്കല്ലിടും. വാരാണസിയിലെ വിനോദ സഞ്ചാര മേഖലയിലെ നിരവധി വികസന പദ്ധതികൾക്കും ശ്രീ മോദി സമാരംഭം കുറിക്കും.

RNU TVPM

**********************************************************

## പിഎം - വിമാനത്താവളം

മധ്യപ്രദേശിൽ പുതുതായി നിർമിച്ച രേവ വിമാനത്താവളം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. 450 കോടി രൂപ ചെലവിലാണ് മധ്യപ്രദേശിലെ ആറാമത്തെ വിമാനത്താവളമായ രേവയുടെ നിർമ്മാണം. ഛത്തീസ് ഗഢിലെ അംബികാപൂരിലെ 'മാ മഹാമായ' വിമാനത്താവളവും പ്രധാനമന്ത്രി ഇന്ന് വിർച്വലായി ഉദ്ഘാടനം ചെയ്യും.

**********************************************************

## മൻസുഖ് മാണ്ഡവ്യ ( ഇൻട്രോ )

ഇന്ത്യയെ കായികരംഗത്ത് മികച്ച 10 രാജ്യങ്ങളിൽ ഒന്നാക്കി മാറ്റാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. അതിനായി രാജ്യത്തെ കായികമേഖലയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കണമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം കവടിയാറിലെ നവീകരിച്ച ഗോൾഫ് കോഴ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിയ്ക്കണമെങ്കിൽ രാജ്യത്തെ പൗരന്മാർ ആരോഗ്യവാൻമാരായിരിക്കണമെന്നും കേന്ദ്ര മന്ത്രി അഭിപ്രായപ്പെട്ടു.

**( വോയിസ്)**

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ചടങ്ങിൽ അധ്യക്ഷനായി. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, കേന്ദ്ര ടൂറിസം മന്ത്രാലയം അഡീഷണൽ സെക്രട്ടറി സുമൻ ബില്ല തുടങ്ങിയവർ പങ്കെടുത്തു. കാര്യവട്ടം LNCPE-യിൽ പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും.

****************************************************************************

## മാണ്ഡവ്യ- ഇപിഎഫ്ഒ

ഇന്നലെ വൈകിട്ട് തിരുവനന്തപുരത്തെത്തിയ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ പട്ടത്തുള്ള Employees Provident Fund ഓഫീസിലെ ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിലുടനീളം, ഗുണഭോക്താക്കൾക്കുള്ള സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ലഭ്യമാക്കുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്തു.

****************************************************************************

## ശബരിമല

ശബരിമലയിൽ വൻ ഭക്തജനതിരക്ക് തുടരുന്നു. തുലാ മാസ പൂജകൾ പൂർത്തിയാക്കി നാളെ അടയ്ക്കുന്ന ക്ഷേത്ര നട ചിത്തിര ആട്ട വിശേഷത്തിനായി ഈ മാസം 30 നു തുറക്കും. തുടർന്ന് 31ന് ചിത്തിര ആട്ട പൂജകൾക്ക് ശേഷമാകും നടയടക്കുക.

RNUTVPM

************************************************************************

## നിയമസഭാപുസ്തകോത്സവം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രഖ്യാപനം, ലോഗോ പ്രകാശനം, വെബ്സൈറ്റ് ഉദ്ഘാടനം എന്നിവ ഈ മാസം 23 ന് സ്പീക്കർ എ.എൻ.ഷംസീർ നിർവഹിക്കും. ഉച്ചയ്ക്ക് ശേഷം നിയമസഭ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് ചടങ്ങ്. 2025 ജനുവരിയിലാണ് പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് നടക്കുക.

************************************************************************

## പി എം ഇൻറേൺഷിപ്പ്

നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പി എം ഇൻറേൺഷിപ്പ് പദ്ധതിയിലേക്ക് യുവാക്കൾക്ക് ഈ മാസം 25 വരെ രജിസ്റ്റർ ചെയ്യാം. pminternship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ 21 നും 24 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഒന്നേകാൽ ലക്ഷം ഇൻറേൺഷിപ്പ് അവസരങ്ങളാണ് ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നത്.

RNU TVPM

************************************************************************

## ലോക സ്ഥിതിവിവരക്കണക്ക് ദിനം

ഇന്ന് ലോക സ്ഥിതിവിവരക്കണക്ക് ദിനം. സമൂഹങ്ങളെ രൂപപ്പെടുത്തുന്നതിലും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും സ്ഥിതിവിവരക്കണക്കിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി അഞ്ച് വർഷത്തിലൊരിക്കലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. യു.എൻ പൊതുസഭ അംഗീകരിച്ച പ്രമേയത്തെ തുടർന്ന് 2010 ഒക്ടോബർ 20- നാണ് ആദ്യമായി ലോക സ്ഥിതിവിവരക്കണക്ക് ദിനം ആചരിച്ചത്. ദിനാചരണത്തോട് അനുബന്ധിച്ച് വിവിധ രാജ്യങ്ങളിലെ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്.

************************************************************************

## മണ്ണാറശ്ശാല ആയില്യം

മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ഈ വർഷത്തെ ആയില്യം മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ഉത്സവ ചടങ്ങുകൾ

വ്യാഴാഴ്ച സന്ധ്യക്കുള്ള മഹാദീപക്കാഴ്ചയോടെ തുടങ്ങും. വരുന്ന ശനിയാഴ്ചയാണ് ആയില്യം മഹോത്സവം. സാവിത്രി അന്തർജ്ജനമാണ് ഈ വർഷത്തെ പൂജകൾക്കും ആയില്യം എഴുന്നള്ളത്തിനും കാർമ്മികത്വം വഹിക്കുന്നത്. മണ്ണാറശ്ശാല ആയില്യത്തോട് അനുബന്ധിച്ച് അന്നേദിവസം ആലപ്പുഴ ജില്ലയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

---

## ഉപതിരഞ്ഞെടുപ്പ് - സംസ്ഥാനം

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണ പരിപാടികൾ സജീവമായി തുടരുന്നു. എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ സ്ഥാനാർഥി നിർണ്ണയം പൂർത്തിയായതോടെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറിയിരിക്കുകയാണ്.

---

## വയനാട്- തെരഞ്ഞെടുപ്പ് ( ഇൻട്രോ)

RNUTVPM

NDA സ്ഥാനാർത്ഥിയെ കൂടി പ്രഖ്യാപിച്ചതോടെ വയനാട് പാർലമെൻറ് മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു. യുഡിഎഫിനായി AICC ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയും LDF നായി CPI ദേശീയ കൗൺസിൽ അംഗം സത്യൻ മൊകേരിയും NDAക്കായി മഹിളാ മോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി നവ്യ ഹരിദാസുമാണ് മത്സരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.**

**(ഹോൾഡ് വോയ്സ്)**

---

## പാലക്കാട്- ഉപതെരഞ്ഞെടുപ്പ് (ഇൻട്രോ)

കൽപാത്തി രഥോത്സവത്തോടൊപ്പം ഇത്തവണ ചൂടേറിയ ഉപതെരഞ്ഞെടുപ്പിനും പാലക്കാട് ഒരുങ്ങിക്കഴിഞ്ഞു. മൂന്ന് മുന്നണി സ്ഥാനാർത്ഥികളും മണ്ഡലത്തിൽ പ്രചാരണം ഊർജ്ജിതമാക്കിയിരിക്കുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മു ത്ത് .**

**(ഹോൾഡ് വോയ്സ്)**

**************************************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് ഇന്നും നാളെയും ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത നൽകി.

**************************************************************

## ക്രിക്കറ്റ് ടെസ്റ്റ്

ബംഗളൂരുവിൽ നടന്ന ഇന്ത്യ - ന്യൂസിലൻഡ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ ആദ്യ മത്സരത്തിൽ ന്യൂസിലൻഡിന് എട്ടു വിക്കറ്റ് ജയം. അഞ്ചാം ദിനം മത്സരം പുനഃ രാരംഭിക്കുമ്പോൾ ജയിക്കാൻ 107 റൺസ് ലക്ഷ്യമിട്ട് ഇറങ്ങിയ ന്യൂസിലൻഡ് രണ്ടു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടക്കുകയായിരുന്നു. പരമ്പരയിലെ അടുത്ത മത്സരം ഈ മാസം 24 ന് പൂനെയിൽ ആരംഭിക്കും.

RJUTVPM

**************************************************************

## വനിതാ ട്വന്റി - 20 ക്രിക്കറ്റ്

വനിതാ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ന് ന്യൂസിലൻഡ് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 07.30 നാണ് മത്സരം. സെമിഫൈനലിൽ ദക്ഷിണാഫ്രിക്ക ഓസ്ട്രേലിയയെയും ന്യൂസിലാൻഡ് വെസ്റ്റ് ഇൻഡീസിനെയുമാണ് പരാജയപ്പെടുത്തിയത്.

**************************************************************

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ എട്ടാം റൗണ്ടിലെ അവസാന മത്സരത്തിൽ ഇന്ന് ഫോഴ്സ കൊച്ചി, കാലിക്കറ്റ് എഫ്സിയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി

7.30 നാണ് മത്സരം. ഇന്നലെ കോഴിക്കോട് നടന്ന മത്സരത്തിൽ കണ്ണൂർ വാരിയേഴ്സിനെതിരെ തിരുവനന്തപുരം കൊമ്പൻസ് അട്ടിമറി വിജയം നേടി.

*************************************************************************

## കണ്ണൂർ റവന്യൂ ജില്ല സ്കൂൾ കായികമേള

കണ്ണൂർ റവന്യൂ ജില്ല സ്കൂൾ കായികമേള നാളെ തലശ്ശേരിയിൽ ആരംഭിക്കും. നാളെ രാവിലെ നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ മൂന്നുദിവസത്തെ കായികമേള ഉദ്ഘാടനം ചെയ്യും. 98 മത്സര ഇനങ്ങളിലായി 15 ഉപജില്ലകളിൽ നിന്നുള്ള 2500 അധികം വിദ്യാർഥികൾ പങ്കെടുക്കും.

*************************************************************************

## ബാലചന്ദ്രൻ വടക്കേടത്ത്

നിരൂപകനും പ്രഭാഷകനും സാംസ്കാരിക പ്രവർത്തകനുമായ ബാലചന്ദ്രൻ വടക്കേടത്തിനു അക്ഷര ലോകത്തിൻറെ അന്ത്യാഞ്ജലി. സാഹിത്യ അക്കാദമിയിൽ പൊതുദർശനത്തിനു വച്ച ഭൗതിക ദേഹത്തിൽ നൂറുകണക്കിനുപേർ സ്നേഹാഞ്ജലി അർപ്പിച്ചു. സംസ്കാരചടങ്ങുകൾ രാവിലെ തൃപ്രയാറിലെ വീട്ടുവളപ്പിൽ നടന്നു. ഇന്നലെ പുലർച്ചെയായിരുന്നു അന്ത്യം. 69 വയസായിരുന്നു. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് പദവി വഹിച്ചിട്ടുണ്ട്.

RNUTVPM

********************

***********************************************************************